വിദ്യാർത്ഥികൾക്കുവേണ്ടി ചെലവഴിക്കുന്ന തുക

80 [5060] ശ്രീ. എം. മുരളി:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ കെ. സി. വേണുഗോപാൽ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്കും ഹൈസ്കൂൾ വിദ്യാർത്ഥിക്കും ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിക്കും വേണ്ടി സർക്കാർ എന്തു തുക വീതം ചെലവഴിക്കുന്നു;

(ബി) ഒരു എഞ്ചിനീയറിംഗ് ഡിഗ്രിക്കാരനേയും പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിക്കാരനേയും സൃഷ്ടിക്കുന്നതിന് സംസ്ഥാനം എന്തു തുക വീതം മുടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി ചെലവഴിക്കുന്ന തുക 2995 രൂപ. ഹൈസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി ചെലവഴിക്കുന്ന തുക 4701 രൂപ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ

81 [5061] ശ്രീ. എൻ. രാജൻ:
„ പി. എസ്. സുപാൽ:
„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ് മുറികളിൽ പ്രത്യേക പരിചരണം ആവശ്യമുള്ള പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ഈ പരിപാടി തുടർന്നുകൊണ്ടുപോകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇത്തരം വിഭാഗത്തിൽ കുട്ടികളെ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരം കുട്ടികൾ എത്ര വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനായി തിരുവനന്തപുരത്ത് ഉള്ളൂരിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ് ഓർഡേഴ്സ് എന്ന സ്ഥാപനം വഴി കേരളത്തിലെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഉൾപ്പെട്ട 10 പഞ്ചായത്തിലെ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. അത്തരത്തിൽ കണ്ടെത്തുന്ന കുട്ടികളെ അതാത് പബ്ലിക് ഹെൽത്ത് സെന്ററിലെ ഡോക്ടർമാർക്ക് റഫർ ചെയ്യുന്നു. അധിക പരിശോധനയ്ക്കായി മുകളിൽ പറഞ്ഞ സ്ഥാപനത്തിന്റെ വിവിധ സെന്ററുകളിലേയ്ക്ക് അയയ്ക്കുന്നു. അങ്ങനെ അയയ്ക്കുന്ന കുട്ടികൾക്ക് സ്പീച്ച് തെറാപ്പി. ലിംഗ്വിസ്റ്റിക് തെറാപ്പി തുടങ്ങിയ വിവിധ പരിശോധനകൾക്കുശേഷം സെന്ററിലെ ന്യൂറോളജിസ്റ്റിന്റെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഈ പദ്ധതി തുടരുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) തൃശ്ശൂർ ജില്ലയിൽപ്പെട്ട പെരുമ്പിലാവ് ഏരിയയിൽ നടത്തിയ സർവേയിൽ ഏകദേശം 10% കുട്ടികൾക്ക് പഠനവൈകല്യം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 8 ജില്ലകളിൽ സ്കൂൾ തലത്തിൽ നടത്തിയ സർവേയിൽ 17% മുതൽ 22% വരെയുള്ള കുട്ടികൾക്ക് ഇത്തരത്തിലുള്ള വൈകല്യം കണ്ടെത്തിയിട്ടുണ്ട്. സെന്ററിന്റെ തിരുവനന്തപുരത്തുള്ള സ്ഥാപനത്തിൽ ഏകദേശം 3000 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഷൊർണ്ണൂരുള്ള സ്ഥാപനത്തിന്റെ സെന്ററിൽ ഏകദേശം 2000-ഉം ശങ്കരംകുളത്ത് റഫറൽ സെന്ററിൽ ഏകദേശം 4000 കുട്ടികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ഡ്രോപ് ഔട്ട് നിരക്ക്

82 [5062] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ നിലവിലുള്ള സർക്കാർ സ്വകാര്യ സ്വാശ്രയ ഉടമസ്ഥതയിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാലയങ്ങളുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണം, വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ അനുപാതം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള എൽ. കെ. ജി., യു. കെ. ജി. സ്കൂളുകളുടെ എണ്ണം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മലയാളം മീഡിയം ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ എണ്ണം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly